പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *241 — 09.07.2015 -ൽ മറുപടിക്ക്

## പാചകവാതക വിതരണത്തിലെ അസന്തുലിതാവസ്ഥ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ.എം.ഷാജി**<br>**ശ്രീ. സി.മോയിൻ കുട്ടി**<br>**ശ്രീ. കെ.മുഹമ്മദുണ്ണി ഹാജി**<br>**ശ്രീ. പി.ബി.അബ്ദുൾ റസാക്** | **ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) പാചകവാതക വിതരണത്തിൽ നിലനിൽക്കുന്ന അസന്തുലിതാവസ്ഥയും ക്രമക്കേടുകളും മൂലം സാധാരണ ജനങ്ങൾ അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ മേഖലയിൽ നിരന്തരമുണ്ടാകുന്ന സമരം, ഗ്യാസ് സിലിണ്ടറുകളുടെ കണ്ക്ഷനും ബുക്കിംഗുമുള്ള പ്രശ്നങ്ങൾ, കരിഞ്ചന്ത, വിതരണ ക്രമക്കേടുകൾ, അമിതവില/ കൂലി ഈടാക്കൽ തുടങ്ങിയ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ വിശദമാക്കുമോ ;<br>(സി) ദൈനംദിന ജീവിതത്തെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ അടിയന്തിര നടപടി സ്വീകരിക്കുമോ ? | (ബി) & (സി) ഐ.വി.ആർ.എസ് സംവിധാനം, ഇന്റർനെറ്റ്, എസ്.എം.എസ് എന്നിവ ഉപയോഗിച്ച് ഉപഭോക്താക്കൾക്ക് സിലിണ്ടർ ബുക്ക് ചെയ്യാവുന്നതാണ് എന്നും മൾട്ടിപ്പിൾ കണക്ഷൻസ് കണ്ടെത്തി ഇല്ലാതാക്കുകയും ഉപഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി സബ്സിഡി ലഭ്യമാക്കുന്ന പഹൽ സംവിധാനം നിലവിൽ വരികയും ചെയ്തതോടെ പാചക വാതക സിലിണ്ടറുകളുടെ കരിഞ്ചന്തയും വകമാറ്റലും ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നും കൂടാതെ ഈ മേഖലയിലുണ്ടാകുന്ന പരാതികൾ അന്വേഷിച്ച് ഏജൻസികൾക്കെതിരെ മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്‌ലൈൻസ് പ്രകാരം നടപടികൾ സ്വീകരിക്കാറുണ്ടെന്നും എണ്ണക്കമ്പനികളുടെ സംസ്ഥാനതല കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുണ്ട്. സമരങ്ങൾ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എണ്ണക്കമ്പനികളുടെ ശ്രമം പരാജയപ്പെടുന്ന സാഹചര്യത്തിൽ സർക്കാർ ഇടപെടുകയും ഗ്യാസ് സിലിണ്ടറുകളുടെ വിതരണം പുനരാരംഭിച്ച് പൊതു ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി |

സ്വീകരിക്കുകയും ചെയ്യുന്നു. എൽ.പി.ജി.യുടെ ട്രാൻസ്പോർട്ടേഷനും വിതരണവും ബോട്ടിലിംഗ് പ്ലാന്റുകളുടെ പ്രവർത്തനങ്ങളും കേരള എസൻഷ്യൽ സർവ്വീസസ് മെയിന്റനൻസ് ആക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പാചക വാതക വിതരണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഗ്യാസ് ഏജൻസി തലത്തിൽ സോഷ്യൽ മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നുണ്ട്. ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഓപ്പൺ ഫോറങ്ങളും, പരാതിപരിഹാര അദാലത്തുകളും സംഘടിപ്പിക്കാറുണ്ട്. കൂടാതെ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ സഹിതം വിശദമായ ശുപാർശകൾ സമർപ്പിക്കുവാൻ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

2